Draft #11 of File 50938/FC C-8/2020/FCC S Approved by Registrar on 12-Nov-2023 10:54 AM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 50938/FC C-8/2020/FCC S

തീയതി: 12.11.2023

**പരിപത്രം**

വിഷയം:- വിവിധ സാമ്പത്തിക സ്ഥാപനങ്ങളിലേക്ക് ജീവനക്കാർ ശമ്പള സാക്ഷ്യപത്രത്തിന് അപേക്ഷിക്കുന്നത് സംബന്ധിച്ച് :-

സൂചന :- 1. 13.01.2021 തീയതിയിലെ സ.ഉ(അച്ചടി) നം.9/2021/ധന ഉത്തരവ്.
2. 26.04.2021 തീയതിയിലെ സ.ഉ(അച്ചടി) നം.66/2021/ധന ഉത്തരവ്.
3. 27.06.2023 തീയതിയിലെ സ.ഉ(അച്ചടി) നം.65/2023/ധന ഉത്തരവ്.
4. പുറത്തെഴുത്ത് നം.83723/AD A3-4/2023 തിയതി, 05.09.2023.

ജീവനക്കാർക്ക് ശമ്പള സർട്ടിഫിക്കറ്റും, ബാധ്യതാ പത്രവും നൽകുന്നതുമായി ബന്ധപ്പെട്ടുള്ള സർക്കാർ ഉത്തരവുകൾ പരാമർശം 1,2,3,4 പ്രകാരം സർവ്വകലാശാലയിൽ നടപ്പിലാക്കിയിട്ടുള്ളതാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് സർവ്വകലാശാലയിലെ വിവിധ സംഘടനാ പ്രതിനിധികൾ, ബന്ധപ്പെട്ട സെക്ഷനുകളിലെ ഉദ്യോഗസ്ഥർ, എം ജി യു എംപ്ലോയീസ് സഹകരണ സംഘം പ്രതിനിധി എന്നിവരുമായി രജിസ്ട്രാർ നടത്തിയ ചർച്ചയിൽ ജീവനക്കാർക്ക് ശമ്പള സാക്ഷ്യപത്രം നൽകുന്നതിനുള്ള നിബന്ധനകൾ താഴെ പറയും പ്രകാരം നിർണ്ണയിച്ചിരിക്കുന്നു.

1. ഒരു ജീവനക്കാരന്റെ നിലവിലുള്ള പ്രതിമാസ വായ്പ / ചിട്ടി തിരിച്ചടവും, പുതുതായി എടുക്കുന്ന വായ്പ / ചിട്ടിയുടെ തിരിച്ചടവും കൂടുന്ന ആകെ തുക ടിയാന്റെ കിഴിവ് കഴിഞ്ഞുള്ള ശമ്പളം (Net salary) യെക്കാൾ കുറവായിരിക്കണം.

2. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും റിക്കവറി നോട്ടീസ് കൈപ്പറ്റിയതിന്റെ തൊട്ടടുത്ത മാസം മുതൽ റിക്കവറി ആരംഭിക്കുന്നതും നിർത്തിവയ്ക്കൽ നോട്ടീസ് (Stop Memo) ലഭിക്കുന്നത് വരെ തുടരുന്നതുമാണ്.

3. ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കുടിശ്ശിക റിക്കവറി നടക്കുന്ന സാഹചര്യത്തിൽ സ്ഥിരമായ Stop Memo ലഭിച്ചാൽ മാത്രമേ പുതിയ ശമ്പള സാക്ഷ്യപത്രവും ബാധ്യതാ രഹിത പത്രവും നൽകുകയുള്ളൂ.

4. വായ്പാ / ചിട്ടി തിരിച്ചടവ് കാലയളവ് ജീവനക്കാരൻറെ ശേഷിക്കുന്ന സർവ്വീസ് കാലയളവിനേക്കാൾ അധികരിക്കുന്ന കേസുകളിൽ ശമ്പള സാക്ഷ്യപത്രവും ബാധ്യതാ രഹിത പത്രവും അനുവദിക്കുന്നതല്ല.

5. സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ശമ്പള സാക്ഷ്യപത്രം നൽകി എടുക്കുന്ന വായ്പാ / ചിട്ടി തിരിച്ചടവിൽ വീഴ്ച്ച വരുത്തി ശമ്പള റിക്കവറി നേരിടുന്ന ജീവനക്കാർക്ക് KSR Part I Appendix XII-A, XII-B, XII-C പ്രകാരമുള്ള അവധി അനുവദിക്കുന്നതിന് നിരാക്ഷേപ സാക്ഷ്യപത്രം (NOC) നൽകുന്നതല്ല.

6. ഒരു ജീവനക്കാരന് മറ്റൊരു സ്ഥാപനത്തിലേക്ക് ജോലി മാറ്റം വന്നാൽ ടിയാന്റെ അവസാന ശമ്പള സാക്ഷ്യപത്രം (Last Pay Certificate - LPC) പുതിയ ഓഫീസിലേക്ക് അയക്കുന്നതിനോടൊപ്പം ജീവനക്കാരന്റെ ബാധ്യതകളെപ്പറ്റിയുള്ള രേഖകളും അയക്കുന്നതാണ്. സർവകലാശാലയിൽ നിന്നും IUT / മറ്റ് ഓഫീസുകളിലേക്ക് മാറ്റം വാങ്ങി പോകുന്നവരുടെ LPC യിൽ ലോൺ / ചിട്ടി ബാധ്യത കാണിക്കുന്നതിനായി ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും നിലവിലുള്ള ബാധ്യത വിവരങ്ങൾ ഹാജരാക്കിയാൽ മാത്രമേ FCC സെക്ഷനിൽ നിന്നും NOC അനുവദിക്കുകയുള്ളൂ.

7. സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള എല്ലാ ധനകാര്യ സ്ഥാപനങ്ങൾക്കും സർക്കാർ ഉത്തരവിൽ പറഞ്ഞിരിക്കുന്ന മാതൃകയിൽ ഉള്ള ശമ്പള സാക്ഷ്യപത്രവും (Agreement for Recovery ഉൾപ്പടെ) Confirmation Form ഉം മാത്രമേ നൽകുകയുള്ളൂ.

8. ഒരു ജീവനക്കാരൻ സ്ഥിരമായി കടക്കാരനാകുന്ന സാഹചര്യത്തിൽ (Habitual Indebtedness) ടിയാനെതിരെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ 51 മുതൽ 55 വരെയുള്ള ചട്ടങ്ങൾ പ്രകാരം നടപടി സ്വികരിക്കുന്നതും, ഇത്തരം ജീവനക്കാരുടെ പേര് വിവരങ്ങൾ പ്രസിദ്ധപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ് .

9. ജാമ്യക്കാരന്റെ ശമ്പളത്തിൽ നിന്നും റിക്കവറി നടക്കുന്ന സാഹചര്യത്തിൽ വായ്പക്കാരനോ, വായ്പക്കാരന് വേണ്ടി മറ്റൊരു ജാമ്യക്കാരനോ സാലറി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതല്ല .

10. ശമ്പള സാക്ഷ്യപത്രം ആവശ്യമുള്ളവർ പുതുക്കിയ അപേക്ഷ ഫാറം സർവകലാശാല വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തു പൂരിപ്പിച്ച് കൊണ്ടുവരേണ്ടതാണ്. പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്താത്ത അപേക്ഷകൾ നിരസിക്കുന്നതാണ് .

**ഡോ.പ്രകാശ് കുമാർ .ബി**
രജിസ്ട്രാർ

സ്വീകർത്താവ്

1. എല്ലാ സെക്ഷനുകൾ/പഠന വകുപ്പുകൾ/സെന്ററുകൾ
2.വൈസ് ചാൻസിലർ /പ്രൊ-വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3.രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ /ഫിനാൻസ് ഓഫീസർ എന്നിവരുടെ പി എ മാർ
4.എ .ആർ / ഡി .ആർ/ജെ .ആർ (ഭരണ വിഭാഗം/ പരീക്ഷാ വിഭാഗം/ധനകാര്യ വിഭാഗം )
5.പി ആർ ഓ /റെക്കോർഡ്സ് സെക്ഷൻ /കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/ഐ.ക്യു.എ.സി /സ്റ്റോക്ക് ഫയൽ /ഫയൽ കോപ്പി

Draft #11 of File 50938/FCC C-8/2020/FCC S Approved by Registrar on 12-Nov-2023 10:54 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

| UPEN No. | |
|---|---|

| PF No. | |
|---|---|

# മഹാത്മാഗാന്ധി സർവ്വകലാശാല

## ശമ്പളസാക്ഷ്യപത്രത്തിനുള്ള അപേക്ഷ

| | | | | |
|---|---|---|---|---|
| 1 | അപേക്ഷകന്റെ/യുടെ പേര് | | | |
| 2 | തസ്തികയും സെക്ഷനും | | | |
| 3 | ജനന തീയതിയും പ്രായവും | | | |
| 4 | മൊബൈൽ നം | | | |
| 5 | മേൽവിലാസം | | | |
| 6 | ബാധ്യതയുടെ സ്വഭാവം | ☐ വായ്പ ☐ ചിട്ടി | അപേക്ഷയുടെ ഉദ്ദേശ്യം | ☐മറ്റൊരാൾക്ക് ജാമ്യം<br>☐ സ്വന്തം ജാമ്യം |
| 7 | മറ്റൊരാൾക്ക് ജാമ്യത്തിനെങ്കിൽ ബാധ്യതക്കാരന്റെ പേര് വിവരങ്ങൾ | | | |
| 8 | സർവീസിൽ പ്രവേശിച്ച തിയതി | | | |
| 9 | വിരമിക്കൽ തിയതിയും ശേഷിക്കുന്ന സർവീസ് കാലയളവും | | | |
| 10 | അപേക്ഷകൻ ഉൾപ്പെട്ടിട്ടുള്ള പെൻഷൻ സ്കീം | | ☐ KSR Part III Pensioner | ☐ NPS Pensioner |
| 11 | ധനകാര്യ സ്ഥാപനത്തിന്റെ പേരും വിലാസവും ഫോൺ നമ്പരും | | | |
| 12 | പുതിയ വായ്പ/ചിട്ടി ആകെ തുകയും പ്രതിമാസ തിരിച്ചടവ് തുകയും | | | |
| 13 | തവണകളുടെ എണ്ണം | | | |
| 14 | നിലവിലുള്ള ആകെ ബാധ്യത | | | |
| 15 | നിലവിലുള്ള ആകെ പ്രതിമാസ തിരിച്ചടവ് തുക | | | |
| 16 | നടപ്പ് മാസത്തെ കിഴിവുകൾ കഴിഞ്ഞുള്ള ശമ്പളം | | | |

**<u>സത്യവാങ്മൂലം</u>**

**മേൽ പ്രതിപാദിച്ചിരിക്കുന്ന വിവരങ്ങൾ സത്യമാണെന്നും അപേക്ഷയിൽ പറയുന്നതല്ലാതെ മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ ബാധ്യതകൾ ഇല്ല എന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.**

**പി ഡി ഹിൽസ്**

**അപേക്ഷകൻറെ പേരും ഒപ്പും**

**തീയതി:**

**<u>ഓഫീസ് ഉപയോഗത്തിന് മാത്രം</u>**

**അസിസ്റ്റന്റ്** **സെക്ഷൻ ഓഫീസർ** **അസി. രജിസ്ട്രാർ**

Draft #11 of File 50938/FC C-8/2020/FCC S Approved by Registrar on 12-Nov-2023 10:54 AM - Page 3
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

## ശമ്പള സാക്ഷ്യപത്രം ലഭിക്കുന്നതിനുള്ള പൊതു നിബന്ധനകൾ:-

1. ഒരു ജീവനക്കാരന്റെ നിലവിലുള്ള പ്രതിമാസ വായ്പ /ചിട്ടി തിരിച്ചടവും പുതുതായി എടുക്കുന്ന വായ്പ /ചിട്ടിയുടെ തിരിച്ചടവും കൂട്ടുന്ന ആകെ തുക ടിയാന്റെ കിഴിവ് കഴിഞ്ഞുള്ള ശമ്പളം (Net salary) യെക്കാൾ കുറവായിരിക്കണം.
2. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും റിക്കവറി നോട്ടീസ് കൈപ്പറ്റിയതിന്റെ തൊട്ടടുത്ത മാസം മുതൽ റിക്കവറി ആരംഭിക്കുന്നതും നിർത്തിവയ്ക്കൽ നോട്ടീസ് (Stop Memo) ലഭിക്കുന്നത് വരെ തുടരുന്നതുമാണ്.
3. ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കുടിശ്ശിക റിക്കവറി നടക്കുന്ന സാഹചര്യത്തിൽ സ്ഥിരമായ Stop Memo ലഭിച്ചാൽ മാത്രമേ പുതിയ ശമ്പള സാക്ഷ്യപത്രവും ബാധ്യതാ രഹിത പത്രവും നൽകുകയുള്ളൂ.
4. വായ്പാ / ചിട്ടി തിരിച്ചടവ് കാലയളവ് ജീവനക്കാരൻറെ ശേഷിക്കുന്ന സർവ്വീസ് കാലയളവിനേക്കാൾ അധികരിക്കുന്ന കേസുകളിൽ ശമ്പള സാക്ഷ്യപത്രവും ബാധ്യതാ രഹിത പത്രവും അനുവദിക്കുന്നതല്ല.
5. സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ശമ്പള സാക്ഷ്യപത്രം നൽകി എടുക്കുന്ന വായ്പാ / ചിട്ടി തിരിച്ചടവിൽ വീഴ്ച്ച വരുത്തി ശമ്പള റിക്കവറി നേരിടുന്ന ജീവനക്കാർക്ക് KSR Part I Appendix XII-A, XII-B, XII-C പ്രകാരമുള്ള അവധി അനുവദിക്കുന്നതിന് നിരാക്ഷേപ സാക്ഷ്യപത്രം (NOC) നൽകുന്നതല്ല.
6. ഒരു ജീവനക്കാരന് മറ്റൊരു സ്ഥാപനത്തിലേക്ക് ജോലി മാറ്റം വന്നാൽ ടിയാന്റെ അവസാന ശമ്പള സാക്ഷ്യപത്രം (Last Pay Certificate - LPC) പുതിയ ഓഫീസിലേക്ക് അയക്കുന്നതിനോടൊപ്പം ജീവനക്കാരന്റെ ബാധ്യതകളെപ്പറ്റിയുള്ള രേഖകളും അയക്കുന്നതാണ്.സർവകലാശാലയിൽ നിന്നും IUT / മറ്റ് ഓഫീസുകളിലേക്ക് മാറ്റം വാങ്ങി പോകുന്നവരുടെ LPC യിൽ ലോൺ / ചിട്ടി ബാധ്യത കാണിക്കുന്നതിനായി ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും നിലവിലുള്ള ബാധ്യത വിവരങ്ങൾ ഹാജരാക്കിയാൽ മാത്രമേ FCC സെക്ഷനിൽ നിന്നും NOC അനുവദിക്കുകയുള്ളൂ.
7. സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള എല്ലാ ധനകാര്യ സ്ഥാപനങ്ങൾക്കും സർക്കാർ ഉത്തരവിൽ പറഞ്ഞിരിക്കുന്ന മാതൃകയിൽ ഉള്ള ശമ്പള സാക്ഷ്യപത്രവും (Agreement for Recovery ഉൾപ്പടെ) Confirmation Form ഉം മാത്രമേ നൽകുകയുള്ളൂ.
8. ഒരു ജീവനക്കാരൻ സ്ഥിരമായി കടക്കാരനാകുന്ന സാഹചര്യത്തിൽ (Habitual Indebtedness) ടിയാനെതിരെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ 51 മുതൽ 55 വരെയുള്ള ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കുന്നതും,ഇത്തരം ജീവനക്കാരുടെ പേര് വിവരങ്ങൾ പ്രസിദ്ധപ്പെടുത്താനുള്ളനടപടികൾ സ്വീകരിക്കുന്നതുമാണ്.
9. ജാമ്യക്കാരന്റെ ശമ്പളത്തിൽ നിന്നും റിക്കവറി നടക്കുന്ന സാഹചര്യത്തിൽ വായ്പക്കാരനോ,വായ്പക്കാരന് വേണ്ടി മറ്റൊരു ജാമ്യക്കാരനോ സാലറി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതല്ല.
10 .ശമ്പള സാക്ഷ്യ പത്രം ആവശ്യമുള്ളവർ പുതുക്കിയ അപേക്ഷ ഫാറം സർവകലാശാല വെബ് സൈറ്റിൽ നിന്നും ഡൌൺ ലോഡ് ചെയ്ത് പൂരിപ്പിച്ച് കൊണ്ട് വരേണ്ടതാണ് .പൂർണമായ വിവരങ്ങൾ ഉൾപ്പെടുത്താത്ത അപേക്ഷകൾ നിരസിക്കുന്നതാണ്.

| | |
|---|---|
| **ശമ്പള സാക്ഷ്യ പത്രം കൈപ്പറ്റുന്ന ആളുടെ പേരും ഒപ്പും** | |
| **കൺഫർമേഷൻ കൈപ്പറ്റുന്ന ആളുടെ പേരും ഒപ്പും** | |

Draft #11 of File 50938/FC C-8/2020/FCC S Approved by Registrar on 12-Nov-2023 10:54 AM - Page 4